"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
**15.12.2023**

# കൈക്കൂലി വാങ്ങുന്നതിനിടെ ഓവർസിയറും ഏജന്റായ ഡ്രൈവറും വിജിലൻസ് പിടിയിൽ

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓവർസിയർ ആയ **ജഫസൽ.പി** യും ഏജന്റ് ആയ ഡ്രൈവർ **ദിഗിലേഷും** വീട് നമ്പർ അനുവദിച്ചു നൽകുന്നതിന് 3000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെ ഇന്ന് (15.12.2023) വിജിലൻസിന്റെ പിടിയിലായി

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി സ്വദേശിയായ പരാതിക്കാരൻ നിർമ്മിക്കുന്ന വീടിന്റെ കെട്ടിട നമ്പർ ലഭിക്കുന്നതിനായി നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അപേക്ഷസമർപ്പിച്ചിരുന്നു , തുടർന്ന് എൻജിനീയറിങ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ വന്ന് പരിശോധന നടത്തി ജനൽ ഉറപ്പിച്ചത് സംബന്ധമായ അപാകതകൾ കണ്ടെത്തുകയും ആയത് പരിഹരിച്ച് തന്നാൽ മാത്രമേ കെട്ടിട നമ്പർ നൽകൂ എന്ന് ഓവർസിയർ ആയ ജഫസൽ അറിയിച്ചു. ആയതിനു ശേഷം ഓവർസിയറുടെ ഏജൻറ് ആയ ഡ്രൈവർ ദിഗിലേഷ് പരത്തിക്കാരനെ ഫോണിൽ വിളിക്കുകയും 3000 രൂപ തരികയാണെങ്കിൽ ഓവർസിയറോട് പറഞ്ഞു ശരിയാക്കിത്തരാം എന്ന് അറിയിക്കുകയും ചെയ്തു. അതിനുശേഷം പരാതിക്കാരൻ ഓവർസിയറെ നേരിട്ട്, കണ്ടപ്പോൾ ഡ്രൈവർ പറഞ്ഞ പ്രകാരം "കാര്യങ്ങൾ" ചെയ്യാൻ ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം മലപ്പുറം വിജിലൻസ് ഡി വൈ എസ് പി ശ്രീ.ഫിറോസ് എം ഷഫീക്കിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്നേദിവസം (15.12.2023) ഉച്ചയോടെ 3000 രൂപ പരതിക്കരനിൽ നിന്നും കൈക്കൂലി

വാങ്ങവെ ഓവർസിയറെയും ഏജൻറ് ആയ ഡ്രൈവറെയും കൈയ്യോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതികളെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി വൈ എസ് പി ശ്രീ. ഫിറോസ് ഷഫീക്കിനെ കൂടാതെ ഇൻസ്പെകടർമാരായ സ്റ്റെപ്റ്റോ ജോൺ ടി. എൽ, ഗിരീഷ് കുമാർ, സബ് ഇൻസ്പെക്ടർമാരായ ശ്രീനിവാസൻ, മോഹനകൃഷ്ണൻ എ എസ് ഐ മാരായ മുഹമ്മദ് സലിം, ജിറ്റ്സ്, മധുസൂദനൻ, പോലീസുകാരായ രാജീവ്, സന്തോഷ്, ശ്രീജേഷ്, സുബിൻ, ശിഹാബ്, സുനിൽ, എന്നിവർ ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.